## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **1833**

**08-06-2018** ൽ മറുപടിയ്ക്ക്

# നോൺ മേജർ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. എൻ. ഷംസീർ :**<br>**ശ്രീ. കെ. ദാസൻ :**<br>**ശ്രീ. എം. മുകേഷ് :**<br>**ശ്രീ. വി. ജോയി :** | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ നോൺ മേജർ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ; | (എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനും, ചരക്കുനീക്കം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സമഗ്രമായ തീരദേശകപ്പൽ ഗതാഗതപദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. 20 കോടി രൂപ മുതൽ മുടക്കിൽ കൊല്ലം തുറമുഖത്ത് 100 മീറ്റർ വാർഫിന്റെ പണി പൂർത്തിയായി വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വാർഫിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിന് സാങ്കേതിക പഠനത്തിന് കൺസൾട്ടന്റിനെ നിയമിച്ചു കഴിഞ്ഞു.<br>2. ബേപ്പൂർ തുറമുഖത്ത് പടിഞ്ഞാറ് ഭാഗത്തായി 200 മീറ്റർ വാർഫിന്റെ നിർമ്മാണം ഈ സാമ്പത്തികവർഷം തുടങ്ങാൻ സാധിക്കുന്ന വിധത്തിൽ പ്രവർത്തനം നടത്തിവരുന്നു. ഇതിന്റെ വിശദമായ പഠനറിപ്പോർട്ട് ഐ.ഐ.ടി, ചെന്നൈ മുഖാന്തിരം തയ്യാറാക്കി വരുന്നു. നിർമ്മാണപ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് മുഖാന്തിരം നടപ്പിലാക്കുന്നത്.<br>3. തീരദേശകപ്പൽ ഗതാഗത പദ്ധതി വികസിപ്പിക്കുന്നതിനായി വലിയ കപ്പലുകൾക്ക് വരാൻ സാധിക്കുന്ന വിധത്തിൽ ചെറുകിട തുറമുഖങ്ങളുടെ ആഴം വർധിപ്പിക്കേണ്ടതുണ്ട്. ഇതിനായുള്ള സാമ്പത്തിക / സാങ്കേതിക സാദ്ധ്യതാ പഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. |
| (ബി) | മലബാറിലെ വാണിജ്യ വ്യവസായ കുതിപ്പിനു വഴിവെക്കുന്ന അഴീക്കൽ തുറമുഖവികസന പദ്ധതിയുടെ വിശദാംശവും നിലവിലെ പുരോഗതിയും അറിയിക്കാമോ ; | (ബി) | അഴീക്കൽ തുറമുഖവികസനത്തിനുവേണ്ടി Azhikkal Port Limited എന്ന പേരിൽ ബഹു. മുഖ്യമന്ത്രി ചെയർമാനായി പ്രത്യേക കമ്പനി (SPV) രൂപീകരിക്കുകയും രണ്ട് ഘട്ടമായി വികസിപ്പിക്കുന്ന തുറമുഖത്തിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s.Howe Engineering Projects India Pvt Ltd. എന്ന കമ്പനിയെ Technical Consultant ആയി നിയമിക്കുകയും ചെയ്തു. |
| (സി) | കൊല്ലം പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; അറിയിക്കാമോ ; | (സി) | 100 മീറ്റർ നീളമുള്ള കൊല്ലം പാസഞ്ചർ ടെർമിനലിന്റെ പണി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | പൊതു സ്വകാര്യ പങ്കാളിത്തത്തിൽ വികസിപ്പിക്കുന്ന പൊന്നാനി തുറമുഖ നിർമ്മാണം ഏതു ഘട്ടത്തിലാണ് അറിയിക്കാമോ ? | (ഡി) | പൊന്നാനി തുറമുഖം മലബാർ പോർട്സ് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് വികസിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുലിമുട്ടിന്റെ നിർമ്മാണ പ്രവർത്തികൾ ഇപ്പോൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**